"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ശ്രീ. പോൾ മത്തായി, കൊട്ടിശ്ശേരികടിയിൽ, കോട്ടപ്പടി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP (C) No. 32117/2017 കേസിലെ 18.08.2025ലെ വിധിന്യായം - ഹർജിക്കാരന് കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1146/2025/AGRI തീയതി,തിരുവനന്തപുരം, 26-11-2025

---

പരാമർശം:-

1. 11/06/2012 തീയതിയിലെ G.O (Ms) No. 239/2012/DMD.
2. 12/09/2012 തീയതിയിലെ G.O(Ms) No.343/2012/DMD.
3. 24/01/2014 തീയതിയിലെ GO(Ms) No 48/2014/DMD.
4. 20/05/2015 തീയതിയിലെ GO(Ms) No. 194/2015/DMD
5. 29/05/2015 തീയതിയിലെ GO(Ms) No. 182/2015/AGRI
6. ശ്രീ. പോൾ മത്തായി, കൊട്ടിശ്ശേരികടിയിൽ, കോട്ടപ്പടി ബഹു. കോടതിയിൽ സമർപ്പിച്ച WP (C) No. 32117/2017 കേസിലെ 18/08/2025ലെ വിധിന്യായം
7. കൃഷി വകുപ്പ് ഡയറക്ടറുടെ 19/10/2025 തീയതിയിലെ ADFW/10388/2025-TR1 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. പോൾ മത്തായി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(c) No. 32117/2017 കേസിലെ പരാമർശം (6)-ലെ വിധിന്യായ പ്രകാരം പരാമർശം (5)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തിനുള്ള സംസ്ഥാന സർക്കാർ വിഹിതം 01.04.2015 മുതൽ കൃഷി നാശം സംഭവിച്ചവർക്ക് മാത്രം നൽകുന്നത് പുനഃ പരിശോധിക്കേണ്ടതാണെന്നും 28.09.2014-ൽ കൃഷി നാശം സംഭവിച്ച ഹർജിക്കാരനും പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാക്കുന്നത് പരിശോധിയ്ക്കേണ്ടതാണെന്നും അനുകൂലമായ തീരുമാനം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക 3 മാസത്തിനുള്ളിൽ ഹർജിക്കാരന് വിതരണം ചെയ്യേണ്ടതാണെന്നും ഉത്തരവിട്ടിരുന്നു.

(2) പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ദുരന്ത നിവാരണ (DRF) മാനദണ്ഡ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് നഷ്ടപരിഹാര തുകയുടെ തോത് നിർണ്ണയിച്ച് അതാത് സമയങ്ങളിൽ ഉത്തരവായിരുന്നു. ഇത്തരത്തിൽ പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം 2012 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ പുനർനിർണ്ണയിച്ച് ഉത്തരവായിരുന്നു. തുടർന്ന് എസ്.ഡി.ആർ.എഫ് (SDRF) മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16/01/2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച പരാമർശം 2 ലെ ഉത്തരവിന്റെ പരിധിയിൽ നിന്ന് പരാമർശം 1ലെ ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ കർഷകർക്ക് പ്രസ്തുത ഉത്തരവ് പ്രകാരം തന്നെ നഷ്ടപരിഹാരം ലഭിക്കുമായിരുന്നു.

3. എന്നാൽ എസ്ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ പരാമർശം 1ലെ ഉത്തരവ് പ്രകാരമുള്ള വിളകളെ ഒഴിവാക്കിയിരുന്നില്ല. അതിനാൽ പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വന്നിരുന്നു. എസ്.ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2015 മുതൽ പ്രാബല്യത്തിൽ പരാമർശം 4ലെ സർക്കാർ ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ആനുകൂല്യങ്ങളിൽ ഉണ്ടായ കുറവ് പരിഗണിച്ചാണ് കൃഷി വകുപ്പിൽ നിന്നും പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം പരാമർശം 1ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും വിളകൾക്ക് നിശ്ചയിച്ചിട്ടുള്ള ധനസഹായം പരാമർശം 4 ലെ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതലാണെങ്കിൽ അപ്രകാരം ഉയർന്ന നിരക്കിൽ ധനസഹായം നൽകേണ്ടതാണെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന് കേന്ദ്ര സർക്കാർ അവസാനമായി ധനസഹായ നിരക്ക് പരിഷ്കരിച്ച 01.04.2015 മുതൽ പ്രാബല്യം നൽകിയിരുന്നു.

4. പരാമർശം 6ലെ ബഹു കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 5ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം 28.09.2014ൽ കൃഷി നാശം നേരിട്ട ഹർജിക്കാരന് നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. പോൾ മത്തായിയ്ക്ക് കൃഷി നാശം സംഭവിച്ചത് 28.09.2014 തീയതിയിൽ ആയതിനാൽ പ്രസ്തുത കാലയളവിൽ പ്രാബല്യത്തിൽ ഉണ്ടായിരുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ

പരാമർശം 3ലെ ഉത്തരവാണ്. ഈ ഉത്തരവ് പ്രകാരം സംസ്ഥാന വിഹിതം അനുവദിക്കാൻ നിർവാഹമില്ല. പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഹ്രസ്വകാല വിളകൾക്ക് ജലസേചനം ഇല്ലാത്തവയ്ക്ക് 4500/- രൂപ/ഹെക്ടറും, ജലസേചനം ചെയ്യുന്നവയ്ക്ക് 9000/-രൂപ/ഹെക്ടറും എന്ന നിരക്കിൽ ജലസേചനം ചെയ്യുന്നവയ്ക്ക് 9000/-രൂപ/ഹെക്ടർ നിരക്കിൽ വാഴ ഒന്നിന് 3.6/- രൂപ കണക്കാക്കി 1506 കുലച്ച വാഴകൾക്കായി 5421.6/- രൂപയാണ് ടി കർഷകനു നഷ്ടപരിഹാരമായി അനുവദിക്കേണ്ടതെന്ന് പരാമർശം 7 പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ പരാമർശം (5)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തിനുള്ള സംസ്ഥാന സർക്കാർ വിഹിതം 01.04.2015 മുതൽ കൃഷി നാശം സംഭവിച്ചവർക്ക് മാത്രം നൽകുന്നത് പുനഃ പരിശോധിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ടും, സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നിർണ്ണയിച്ച് വിതരണം ചെയ്യുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീ. പോൾ മത്തായി, കോട്ടിശ്ശേരിക്കുടിയിൽ, കോട്ടപ്പടി PO, കോതമംഗലം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 26-11-2025 16:13:02

സെക്ഷൻ ഓഫീസർ